**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2121** **09-12-2022 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്തുകളിൽ ഗ്രാമവണ്ടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗ്രാമവണ്ടി സംവിധാനം നടപ്പിലാക്കിയത് ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണെന്ന് വ്യക്തമാക്കാമോ; | (എ) | 29.07.2022-ൽ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിലെ കൊല്ലയിൽ പഞ്ചായത്തിലും, തുടർന്ന് 19.08.2022-ന് തൃശ്ശൂർ ജില്ലയിലെ എളവള്ളി പഞ്ചായത്ത്, 03.09.2022-ന് കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പഞ്ചായത്ത്, 06.10.2022-നും 25.11.2022-നും കോട്ടയം ജില്ലയിലെ കടുത്തുരുത്തി പഞ്ചായത്തിൽ രണ്ട് സർവ്വീസുകളും, 21.10.2022-ന് മലപ്പുറം ജില്ലയിലെ എടവണ്ണ പഞ്ചായത്ത്, 05.11.2022-ന് ആലപ്പുഴ ജില്ലയിലെ പത്തിയൂർ പഞ്ചായത്ത്, 25.11.2022-ന് കൊല്ലം ജില്ലയിലെ കൊല്ലം കോർപ്പറേഷൻ, 01.12.2022-ന് തിരുവനന്തപുരം ജില്ലയിലെ കുന്നത്തുകാൽ പഞ്ചായത്ത്, 03.12.2022-ന് എറണാകുളം ജില്ലയിലെ ചേന്ദമംഗലം പഞ്ചായത്ത് എന്നീ സ്ഥലങ്ങളിൽ ജില്ലാതല ഉദ്ഘാടനവും നടത്തിയിട്ടുണ്ട്. (8 പഞ്ചായത്തുകളിലായി 9 സർവ്വീസുകളും, കൊല്ലം കോർപ്പറേഷനിലെ ഒരു സർവ്വീസും ഉൾപ്പെടെ 10 സർവ്വീസുകൾ) |
| (ബി) | സംഘടനകൾക്ക് സ്പോൺസർഷിപ്പിലൂടെ ഗ്രാമവണ്ടി ഓടിക്കാൻ അനുമതി നൽകുന്നുണ്ടോ; എങ്കിൽ എന്തെല്ലാം വ്യവസ്ഥകളാണ് ബന്ധപ്പെട്ട സംഘടനകൾ ഇക്കാര്യത്തിൽ പാലിക്കേണ്ടതെന്ന് വിശദമാക്കാമോ? | (ബി) | സംഘടനകൾക്ക് സ്പോൺസർഷിപ്പിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഗ്രാമവണ്ടി ഓടിക്കാൻ അനുമതിയുണ്ട്.<br><br>സ്പോൺസർ ചെയ്യാൻ ഉദ്ദേശിക്കുന്ന അത്രയും ദിവസങ്ങൾക്കുള്ള ഡീസൽ തുക തദ്ദേശ സ്ഥാപനങ്ങളിൽ മുൻകൂർ അടച്ച് തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കാവുന്നതാണ്.<br><br>വ്യക്തികളോ സ്ഥാപനങ്ങളോ ബസ് സ്പോൺസർ ചെയ്യുകയാണെങ്കിൽ ആ വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ കെ.എസ്.ആർ.ടി.സി.യുടെ അനുമതിയുള്ള പരസ്യം പ്രദർശിപ്പിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| | | | പരസ്യങ്ങൾ / വിവരണങ്ങൾ ബസ്സുകളിൽ പ്രദർശിപ്പിക്കുന്നതിന് പ്രത്യേക ഇടം ഉണ്ടായിരിക്കും. ഇതിൽ പ്രദർശിപ്പിക്കേണ്ട പരസ്യം കെ.എസ്.ആർ.ടി.സി. നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രദർശിപ്പിക്കാവുന്നതാണ്.<br><br>ബസ്സിനുള്ളിൽ കെ.എസ്.ആർ.ടി.സി. നിയമത്തിന് വിധേയമായി സൗണ്ട് സിസ്റ്റം ഉപയോഗിച്ച് പരസ്യം ചെയ്യുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായിരിക്കും ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ